

# ജനങ്ങളെ മറക്കുന്ന മുതലാളിത്ത വികസനം

ലേഖനം ● സയ്യിദ് സആദതുല്ലാ ഹുസൈനി

**ആധുനിക** മുതലാളിത്തം ഉയർത്തുന്ന മുദ്രാവാക്യങ്ങളിൽ അതിപ്രധാനമാണ് 'വികസനം.' അവികസിത രാജ്യങ്ങളുടെ സർവതോമുഖ പുരോഗതിയാണ് തങ്ങളുടെ സ്വപ്നമെന്ന് അവർ പ്രഖ്യാപിക്കുന്നു. രാഷ്ട്രങ്ങളുടെ മൊത്തം സാമ്പത്തികാഭിവൃദ്ധി, അഭ്യന്തര വ്യാപാരത്തിന്റെ വളർച്ച, പുതിയ വ്യാവസായിക സംരംഭങ്ങളുടെ വ്യാപനം, ഉൽപാദന വർധന, നഗരാലങ്കാരം, അത്യാധുനിക സൗകര്യങ്ങളുള്ള ഷോപ്പിംഗ് മാളുകളും അംബരചുംബികളായ കെട്ടിടങ്ങളുമുണ്ടാക്കൽ, മുക്കിന് മുക്കിന് വിമാനത്താവളങ്ങൾ, സ്റ്റോക് എക്സ്ചേഞ്ചുകളുടെ സെൻസെക്സ് വർധന, അഡംബര പ്രമത്തരായ ജനങ്ങളുടെ അടിച്ചുപൊളി ജീവിതം. വികസനം കൊണ്ട് മുതലാളിത്തം അർഥമാക്കുന്നത് ഇതൊക്കെയാണ്.

മുതലാളിത്ത വീക്ഷണത്തിൽ കണ്ണഞ്ചിപ്പിക്കുന്ന ഇത്തരം കൃത്രിമങ്ങൾ തീർക്കലാണ് വികസനം അഥവാ രാജ്യപുരോഗതി. ഇത്തരമൊരു വികസനാന്തരീക്ഷം സൃഷ്ടിക്കാനായി കുത്തകമുതലാളിമാരെയും മുതലാളിത്ത ഭീമന്മാരെയും കടിഞ്ഞാണില്ലാതെ വിടണമെന്ന് അവർ തീരുമാനിച്ചിരിക്കുന്നു. വ്യാപാര–വ്യവസായ സംരംഭങ്ങൾക്ക് നിലനിൽക്കുന്ന നിയന്ത്രണങ്ങളും പരിധികളും എടുത്ത് കളഞ്ഞ് ഭരണകൂടനിയന്ത്രണം വെട്ടിച്ചുരുക്കണമെന്നും അവർ തീരുമാനിച്ചുറച്ചിരിക്കുന്നു. സ്വദേശി–വിദേശി സംരംഭങ്ങൾക്ക് അനായാസം അവരുടെ പ്രൊജക്ടുകൾ നടപ്പിലാക്കാനുള്ള സൗകര്യമൊരുക്കലാണ് സർക്കാറുകളുടെ കടമ. ദരിദ്രരെയും അവശജനവിഭാഗങ്ങളെയും സഹായിക്കുന്ന നിലവിലെ പണി ഗവൺമെന്റുകൾ നിർത്തലാക്കണം. അവർക്ക് നൽകിവരുന്ന സബ്സിഡികളും മറ്റു ആനുകൂല്യങ്ങളും അവസാനിപ്പിക്കണം. സാമൂഹിക സേവന പ്രവർത്തനങ്ങൾക്ക് സർക്കാർ പണം ചെലവഴിക്കുന്നത് നിർത്തലാക്കണം. ഇത്തരം 'അനാവശ്യ ചെലവുകൾ'ക്ക് വിനിയോഗിക്കുന്ന തുക ഉപയോഗിച്ച് പശ്ചാത്തല സൗകര്യ വികസനം നടപ്പിലാക്കുകയും വേണം. (ഇന്ന് ഇത്തരം

വികസനങ്ങളും നടക്കുന്നത് വിദേശ ഫണ്ടുകളുപയോഗിച്ചും കോർപറേറ്റ് ഭീമന്മാരുടെ 'സഹായം' കൊണ്ടുമാണ്) മുതലാളിത്ത വികസന വക്താക്കളുടെ കൽപനകളാണിതെല്ലാം.

മുതലാളിത്ത വ്യവസ്ഥയിലെ സാമ്പത്തിക വിദഗ്ധർ രാഷ്ട്രത്തിന്റെ മൊത്തം സമ്പത്ത്, വ്യാപാര-വ്യവസായ സംരംഭങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തിയാണ് വികസന നിർവചനം ചമയ്ക്കുന്നത്. രാഷ്ട്ര സമ്പത്തിന്റെ മൊത്തം വളർച്ച, രാജ്യത്ത് നടപ്പിലാക്കുന്ന വ്യാപാര വ്യവസായ സംരംഭങ്ങളുടെ വർധന, കാർഷിക വൃത്തികളിൽനിന്നും വ്യവസായ സംരംഭങ്ങളിലേക്കുള്ള കുതിപ്പ്, ആളോഹരി വരുമാന(Per capita Income) വർധനവ്, വിവര സാങ്കേതിക വിദ്യയുടെ ഉപയോഗവും പുതിയ ജീവിത ക്രമത്തോടുള്ള പൊരുത്തപ്പെടലും തുടങ്ങിയ പല നിർവചനങ്ങളും വികസനത്തിന് ഇവർ നൽകുന്നുണ്ട്. ചില മുതലാളിത്ത സാമ്പത്തിക വിദഗ്ധർ ആധുനിക വൽകരണം (Modernisation), പാശ്ചാത്യവൽകരണം (westernisation) തുടങ്ങിയ പദങ്ങൾ നിർദാക്ഷിണ്യം വികസനത്തിന്റെ പര്യായ പദങ്ങളായി ഉപയോഗിക്കുന്നു. അഥവാ അവരുടെ വീക്ഷണ പ്രകാരം പാശ്ചാത്യവൽകരണത്തിന്റെ പേരാണ് രാഷ്ട്രങ്ങളുടെ പുരോഗതി.

വികസനത്തെക്കുറിച്ച ഈ പുതിയ വീക്ഷണം അവർ രൂപപ്പെടുത്തിയത് വർഷങ്ങൾക്ക് മുമ്പ് അമേരിക്ക സ്വയം ചുട്ടെടുത്ത 'വാഷിംഗ്ടൺ അഭിപ്രായ ഐക്യം' (Washington Consensas) എന്ന പോളിസിയുടെ അടിസ്ഥാനത്തിലാണ്. 'അഭിപ്രായ ഐക്യം' എന്ന പദം ഉപയോഗിച്ചതുകൊണ്ട് ലോകരാഷ്ട്രങ്ങളുടെ ഐക്യകണ്ഠേനയുള്ള അംഗീകാരത്തിന്റെ പിൻബലത്തിൽ രൂപം കൊണ്ടതാണ് ഈ വികസന നയമെന്ന് നാം തെറ്റിദ്ധരിക്കേണ്ടതില്ല. അമേരിക്കയുടെ സാമ്പത്തിക മന്ത്രാലയവും അവരുടെ തന്നെ സാമ്പത്തിക ദല്ലാൾമാരായ ഐ.എം.എഫും ലോക ബാങ്കും ഒരുമിച്ചിരുന്നു തട്ടിക്കൂട്ടുകയും 1989 മുതൽ ലോക രാഷ്ട്രങ്ങളുടെ മേൽ അടിച്ചേൽപിക്കാൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന അമേരിക്കയുടെ മാത്രം പോളിസിയാണ് യഥാർഥത്തിൽ ഇത്.

ഇത്തരമൊരു വികസന നയം നടപ്പിലാക്കുന്നതിലൂടെ രാജ്യത്തിന്റെ പൊതുസമ്പത്ത് വർധിക്കുമെന്ന് അവകാശപ്പെടുന്നത് ഏറക്കുറെ ശരിയായിരിക്കുമെങ്കിലും ഈ വർധിത സമ്പത്ത് അൽപം ചില മുതലാളിത്ത പോക്കറ്റുകളിൽ മാത്രമാണ് ചെന്നെത്തുക. മാത്രമല്ല; ഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെ ജീവിതാവസ്ഥയിൽ ഒരുമാറ്റവുമുണ്ടാക്കാൻ ഇതുകൊണ്ടാവുകയുമില്ല. ചുരുക്കത്തിൽ മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയിൽ സമ്പത്ത് ധാരാളമായി ഉണ്ടാകുമെങ്കിലും അതിന്റെ സന്തുലിതമായ വിതരണ ക്രമത്തിൽ അവർ അമ്പേ പരാജയപ്പെടുകയും ചെയ്യുന്നു. മുതലാളിത്ത വികസന മാതൃകയിൽ രാജ്യത്തിന്റെ പൊതു സമ്പത്തിൽ വർധനവുണ്ടാകുന്നതായി അനുഭവപ്പെടുമെങ്കിലും വളരെ ചെറിയ ന്യൂനപക്ഷത്തിന്റെ കൈകളിൽ മാത്രം അത് ചെന്നെത്തുന്നു. ഇത്തരമൊരു ചെറുവിഭാഗത്തിന് ഗുണം ചെയ്യുമ്പോൾ വഴിയാധാരമാകുന്നതും ഭവിഷ്യത്തുകൾ നേരിടേണ്ടിവരുന്നതും രാജ്യത്തെ മഹാഭൂരിപക്ഷം വരുന്ന സാധാരണക്കാരായിരിക്കും.

## വികസനത്തിന്റെ അളവുകോലുകൾ

മുതലാളിത്വം സ്പോൺസർ ചെയ്യുന്ന ഈ അസന്തുലിത സാമ്പത്തിക നയത്തിന്റെ അടിസ്ഥാനത്തിലുള്ള വികസനവും പുരോഗതിയും മനസ്സിലാക്കാൻ പുതിയ അളവ് കോലുകളും മാപിനികളും അവർ തന്നെ കണ്ടെത്തിയിരിക്കുന്നു. ഈ മാപിനി ഉപയോഗിച്ച് രാജ്യത്തിന്റെ മൊത്തം സമ്പത്തും അതിന്റെ വർധനവും കണ്ടെത്താനാവുമെങ്കിലും ഈ സമ്പത്ത് എവിടെ ആരുടെ കൈകളിൽ എപ്പോൾ എത്തുന്നു എന്നത് സംബന്ധിച്ചോ രാജ്യത്ത് നിലനിൽക്കുന്ന ദാരിദ്ര്യം, സാമ്പത്തിക മാന്ദ്യം എന്നിവക്ക് എന്ത് പരിഹാരം എന്നത് സംബന്ധിച്ചോ ഒരു അറിവും നൽകാൻ ഇത് ഉപകരിക്കുകയില്ല.

സാമ്പത്തിക വളർച്ചാ തോത് തിട്ടപ്പെടുത്തുന്ന പ്രധാന മാപിനി, സ്റ്റോക് മാർക്കറ്റുകളും അവയുടെ സെൻസെക്സുമാണ്. മാധ്യമങ്ങൾ ഇത് സംബന്ധിച്ച ഓരോ മിടിപ്പുകളും സമയാസമയങ്ങളിൽ നമ്മെ അറിയിക്കുന്നതിൽ അതീവ ജാഗ്രത്താണ്. നമ്മുടെ സാമ്പത്തികാരോഗ്യത്തിന്റെ മർമപ്രധാന ഘടകം ഇതാണെന്നും അവർ നമ്മെ തെറ്റിദ്ധരിപ്പിച്ചിരിക്കുന്നു. യഥാർഥത്തിൽ സ്റ്റോക് എക്സ്ചേഞ്ചുകളുടെ സെൻസെക്സ് വെറും 30 കമ്പനികളുടെ ഷെയറുകളുമായി മാത്രം ബന്ധപ്പെട്ട് കിടക്കുന്നതാണ്. ഈ ഭീമൻ കമ്പനികളുടെ ഷെയർവിലകളിൽ ഉണ്ടാകുന്ന കുതിപ്പും കിതപ്പും ചില മുതലാളിത്ത കുത്തകകളുടെ ഉയർച്ചയും തകർച്ചയും നിർണയിക്കുന്നു എന്നല്ലാതെ രാജ്യത്തിലെ 70 ശതമാനം വരുന്ന സാധാരണ ജനങ്ങളുടെ നിത്യജീവിതവുമായി ഒട്ടും ബന്ധപ്പെ

ടുന്ന ഒന്നല്ല ഇത്.

മറ്റൊരു പ്രധാന അളവുകോൽ രാജ്യത്തിന്റെ അഭ്യന്തര ഉൽപാദന നിരക്ക് (GDP) അടിസ്ഥാനപ്പെടുത്തിയാണ് നിലനിൽക്കുന്നത്. ഇതോടനുബന്ധിച്ചുള്ള മറ്റൊന്നാണ് ആളോഹരി വരുമാനം. രാജ്യത്തൊട്ടാകെയുള്ള മുഴുവൻ സാമ്പത്തിക സംരംഭങ്ങളുടെ ആകെ വരുമാനം ഒരുമിച്ച് കണക്കാക്കുന്നതാണ് അഭ്യന്തര ഉൽപാദന നിരക്ക് (GDP). ടാറ്റ, ബിർല, അംബാനി തുടങ്ങിയ സാമ്പത്തിക ഭീമന്മാരും ആത്മഹത്യാ മുനമ്പിൽ നിൽക്കുന്ന വിദർഭയിലെ കർഷകനും ഇതിൽ ഉൾപ്പെടുന്നു. കുത്തക ഭീമന്മാരുടെ വരുമാനം വർധിക്കുമ്പോൾ രാജ്യത്തിന്റെ ജി.ഡി.പിയും വർധിക്കുന്നു. പക്ഷെ, അഭ്യന്തര ഉൽപാദന നിരക്കിൽ വരുന്ന ഈ വർധന വിദർഭയിലെ പാവപ്പെട്ട കർഷകന് എന്ത് സന്തോഷ വാർത്തയാണ് നൽകുന്നത്!

പ്രശസ്ത സാമ്പത്തിക വിദഗ്ധൻ അമൃത്യസെന്നും മഹ്ബൂബുൽ ഹഖും ഉൾപ്പെടെയുള്ള പ്രശസ്തർ ഈ പുകമറ സൃഷ്ടിക്കുന്ന അളവ്കോലുകൾക്കെതിരെ ശബ്ദമുയർത്തിയിട്ടുണ്ട്. ഒരു രാജ്യത്തിന്റെ വികനസ തോത് കണക്കാക്കുന്നതിന് ഈ അളവ് കോലുകൾ പര്യാപ്തമല്ല തന്നെ. പോഷകാഹാര ലഭ്യത, വിദ്യാഭ്യാസ സൗകര്യം, ആരോഗ്യ സുസ്ഥിതി, ശുദ്ധജല ലഭ്യത, ഭവനസൗകര്യം, അനയോജ്യ ജീവിത ചുറ്റുപാടും പ്രാഥമികാവശ്യങ്ങൾ പൂർത്തീകരിക്കാനുള്ള സൗകര്യവും ഉണ്ടായിരിക്കുക തുടങ്ങി അടിസ്ഥാന ആവശ്യങ്ങൾ പരിഗണിച്ച് വേണം ഒരു രാഷ്ട്രത്തിന്റെ വികസനതോത് കണക്കാക്കാനെന്നാണ് ഇവരുടെ അഭിപ്രായം. ഇതിനായി ഒരു ബദൽ പരിഹാര മാർഗവും അവർ നിർദേശിക്കുന്നു. രാജ്യനിവാസികളുടെ സമൂല പ്രശ്നങ്ങൾ ഉൾകൊള്ളുന്ന ഒരു മാനവ വികസന പട്ടിക (Human Development Index) ഉണ്ടാവുക എന്നതാണത്. ഐക്യരാഷ്ട്രസഭക്ക് കീഴിൽ പ്രവർത്തിക്കുന്ന UNDP എന്ന ഏജൻസി ലോകരാജ്യങ്ങൾക്ക് ഇത്തരം ഒരു പട്ടിക തയാറാക്കാൻ ആവശ്യമായവ നിർണയിച്ച് നൽകിയിട്ടുണ്ട്. പക്ഷെ ഇന്ന് ലോകരാഷ്ട്രങ്ങളിൽ അധികവും അവരുടെ വളർച്ചാതോത് നിർണയിക്കുന്നത് ഇതനുസരിച്ച് കൊണ്ടല്ല.

കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മുടെ മാധ്യമങ്ങളും സാമ്പത്തിക വിദഗ്ധരും ആഘോഷപൂർവം കൊണ്ടാടുന്ന വിഷയമാണ് സമ്പന്നരുടെ ആഗോള പട്ടികയിൽ ഇന്ത്യയുടെ സ്ഥാനകയറ്റം. ലോകരാഷ്ട്രങ്ങളിൽ നാലാംസ്ഥാനം ഈ പട്ടികപ്രകാരം നമ്മുടെ രാജ്യത്തിനുണ്ട്. ആഭ്യന്തര ഉൽപാദന നിരക്ക് പരിഗണിച്ച് ലോക രാഷ്ട്രങ്ങളിൽ രണ്ടാം സ്ഥാനത്താണ് ഇന്ത്യയുള്ളത്. എന്നാൽ മാനവിക വികസന പട്ടികയുടെ അടിസ്ഥാനത്തിൽ ലോകരാഷ്ട്രങ്ങൾക്കിടയിൽ 134ാം സ്ഥാനമാണ് നമ്മുടേത്.

നമ്മുടെ രാജ്യത്തെ സാമ്പത്തിക വിദഗ്ധർ പറയുന്നത് സാമ്പത്തികമായി നമ്മുടെ രാജ്യം വികസിച്ചുകൊണ്ടിരിക്കുകയാണെന്നാണ്. ആഭ്യന്തര ഉൽപാദന നിരക്കിലുണ്ടാകുന്ന വർധനവിന്റെ മോഹിപ്പിക്കുന്ന കണക്കുകൾ നിരത്തി ധനമന്ത്രിയും ഭാവിരാഷ്ട്രത്തിന്റെ സുസ്ഥിതിയെക്കുറിച്ച് അഭിമാനം കൊള്ളുന്നു. രാഷ്ട്രീയ പാർട്ടികളുടെ വികസന കാഴ്ചപാടുകളിലും ആസൂത്രണ കമീഷന്റെ രേഖകളിലുമെല്ലാം ഈ 'പുരോഗതി' മാത്രമാണ് പ്രതിപാദ്യം. മാനവ വികസന പട്ടിക (HDI)യുടെ അടിസ്ഥാനത്തിൽ രാജ്യപുരോഗതി നിർണയിക്കാനും നിലവിലെ ഭയാനകമായ സ്ഥിതി വിശേഷത്തെക്കുറിച്ച് ഉണർത്താനും ആരും രംഗത്ത് വരുന്നില്ല.

കഴിഞ്ഞവർഷം കാലവർഷം കുറയുകയും മഴ വേണ്ടത്ര ലഭ്യമാകാതിരിക്കുകയും ചെയ്ത പശ്ചാത്തലത്തിൽ കാർഷികോൽപാദനം ഗണ്യമായി കുറഞ്ഞതിനെക്കുറിച്ച് ആസൂത്രണ കമീഷൻ ഉപാധ്യക്ഷൻ മൊണ്ടേസിംഗ് അഹ്ലുവാലിയ പറഞ്ഞ അഭിപ്രായം ഏറെ രസകരമാണ്. കാലവർഷ കുറവും മഴക്കമ്മിയും പ്രയാസമുണ്ടാകുന്ന ഒരു പ്രശ്നമാണെങ്കിലും നാം ഭയപ്പെടേണ്ട ഒരു സാഹചര്യവും നിലവിലില്ല. കാരണം ഇത് നമ്മുടെ അഭ്യന്തര ഉൽപാദന നിരക്കിനെ ഒട്ടും ബാധിച്ചിട്ടില്ല. GDPയിൽ കേവലം 20% മാത്രമാണ് കൃഷിയുടെ പങ്ക്. അഥവാ കാർഷിക മേഖലയിൽ ഇനിയും പിടിച്ച് നിൽക്കുന്ന പാവം കർഷകരിൽനിന്നും ഗത്യന്തരമില്ലാതെ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നവരും പട്ടിണിപ്പാവങ്ങളും ദരിദ്രജനകോടികളും പോഷകാഹാരകുറവ് അനുഭവിക്കുന്ന കുഞ്ഞുങ്ങളുമെല്ലാം ഗണ്യമായി വർധിച്ച് കൊണ്ടിരുന്നാലും ജി.ഡി.പിയെ അത് കാര്യമായി ബാധിക്കാതിരുന്നാൽ മാത്രം മതി നമ്മുടെ രാജ്യം രക്ഷപ്പെടാൻ!

### വികസന മുൻഗണനാക്രമങ്ങളും ഭരണച്ചെലവുകളും

രാഷ്ട്രത്തിന് ലഭ്യമാകുന്ന വരുമാന വർധനവിന്റെ ഫലം ഒരു പറ്റം മുതലാളിത്ത ഭീമന്മാർക്ക്

മാത്രം ലഭ്യമാകുംവിധമാണ് വികസന മുൻഗണനാ ക്രമങ്ങൾ വിലവിൽ നിർണയിക്കപ്പെട്ടിരിക്കുന്നത്. കുത്തക മുതലാളിമാരുടെ കൈകളിലുള്ള പ്രദേശങ്ങളും അവരുടെ സംരംഭങ്ങളും വികസിച്ച് കൊണ്ടിരിക്കുകയും ഭരണകൂടത്തിന്റെ സർവസന്നാഹങ്ങളും അവർക്കുവേണ്ടി നീക്കിവെക്കുകയും എന്നാൽ ദരിദ്ര ജനവിഭാഗങ്ങളെയും സാധാരണക്കാരെയും പാടെ അവഗണിക്കുകയും ചെയ്യുന്നു എന്നതാണ് നമ്മുടെ വികസനനയത്തിന്റെ പൊതുസ്വഭാവം.

ആരോഗ്യമേഖല തന്നെയാണ് ഇതിന്റെ ഏറ്റവും മികച്ച ഉദാഹരണം. മികച്ച ആരോഗ്യസ്ഥിതി പരിഗണിക്കുമ്പോൾ ലോകതലത്തിൽ ഏറെ പിന്നാക്കം നിൽക്കുന്ന രാജ്യങ്ങളുടെ കൂടെയാണ് ഇന്ത്യയുടെ സ്ഥാനം. ഓരോ വർഷവും 56 ലക്ഷം കുഞ്ഞുങ്ങൾ ചികിത്സ ലഭ്യമാകാത്തതുകാരണം ഇവിടെ മരണമടയുന്നു. ഇങ്ങനെ മരണമടയുന്ന കുഞ്ഞുങ്ങളുടെ ആഗോളാനുപാതത്തിന്റെ പകുതിയിലധികം വരുമിത്. പ്രാഥമിക ചികിത്സയിലൂടെ തന്നെ ശമനസാധ്യതയുള്ള വളരെ സാധാരണ രോഗംബാധിച്ച് മരണമടയുന്നവർ ഓരോ വർഷവും ഏഴ് ലക്ഷത്തിലധികമാണെന്ന് കണക്കുകൾ രേഖപ്പെടുത്തുന്നു. ഇത്തരമൊരു സാഹചര്യത്തിൽ പൊതുജനാരോഗ്യ സംരക്ഷണത്തിനായി ഒരു ഗവൺമെന്റ് കൂടുതൽ പരിഗണന നൽകേണ്ടതുണ്ടെന്ന് പറയേണ്ടതില്ല. പക്ഷേ, ലോകാരോഗ്യ സംഘടന പൊതുജനാരോഗ്യ സംരക്ഷണത്തിനായി പണം ചെലവഴിക്കുന്ന രാഷ്ട്രങ്ങളുടെ പട്ടിക തയാറാക്കിയപ്പോൾ 75 രാഷ്ട്രങ്ങളുടെ കൂട്ടത്തിൽ താഴെനിന്ന് 5-ാമത്തെയും മുകളിൽനിന്ന് 71-ാമത്തെതുമാണ് നമ്മുടെ രാജ്യം.

മൊത്തവരുമാനത്തിന്റെ 0.8% മാത്രമാണ് ബജറ്റിൽ ആരോഗ്യ മേഖലക്കായി നമ്മുടെ ഗവൺമെന്റ് നീക്കിവെച്ചിരിക്കുന്നത്. പരമദരിദ്ര രാഷ്ട്രങ്ങളായ ആഫ്രിക്കൻ രാജ്യങ്ങൾ പോലും ഇതിൽ കൂടുതൽ ആരോഗ്യ മേഖലയിൽ ചെലവഴിക്കുന്നുണ്ട്. എന്നാൽ നമ്മുടെ ഗവൺമെന്റ് കോർപറേറ്റ് ആതുരാലയങ്ങളും മെഡിക്കൽ ടൂറിസം പദ്ധതിയുമെല്ലാം നടപ്പിലാക്കുന്നതിൽ അമിതതാൽപര്യമാണ് കാണിക്കുന്നത്. ചെന്നൈയിലെ അത്യന്താധുനിക ആശുപത്രികളിൽ ചികിത്സക്കെത്തുന്നവരിൽ 45% ത്തിലധികം വിദേശികളാണ് പോലും. നിലവിൽ കോർപറേറ്റ് ഹോസ്പിറ്റലുകളുടെ മൊത്തവരുമാനം 35 ബില്യൺ ഡോളറിന് മുകളിലാണ്. 2020 ആകുമ്പോഴേക്ക് ഇന്ത്യയിൽ 280 ബില്യൻ ഡോളറിലധികം ഇവർ ലാഭമുണ്ടാവുമെന്നാണ് കണക്കുകൾ ബോധിപ്പിക്കുന്നത്.

വിദ്യാഭ്യാസ മേഖലയുടെ അവസ്ഥയും തഥൈവ! നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നങ്ങളിലൊന്നാണ് വിദ്യാഭ്യാസ മേഖലയിലെ പോരായ്മകൾ. ആഗോളതലത്തിൽ ക്യൂബ മൊത്തവരുമാനത്തിന്റെ 19% വിദ്യാഭ്യാസ പുരോഗതിക്കായി നീക്കിവെക്കുന്നു. ഡെന്മാർക്ക് (9%), സുഡാൻ (8%), ഇസ്രയേൽ (8%) തുടങ്ങിയ വികസിത രാഷ്ട്രങ്ങൾക്ക് പുറമെ കൊറിയ (7%), യമൻ (10%), ഗിനിയ (8.5%) തുടങ്ങിയ ദരിദ്ര രാഷ്ട്രങ്ങളും മൊത്തവരുമാനത്തിന്റെ നല്ലൊരുപങ്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്ക് നീക്കിവെക്കുന്നുണ്ട്. എന്നാൽ 2009-10 വർഷത്തെ ബജറ്റിൽ വിദ്യാഭ്യാസ അവകാശങ്ങൾക്കായി നയാപൈസപോലും നമ്മുടെ സർക്കാർ സ്വതന്ത്രമായി നീക്കിവെച്ചിട്ടില്ല. വിദ്യാഭ്യാസ-ആരോഗ്യ മേഖലപോലെ സേവന മേഖലകൾ അവഗണിച്ച് പ്രത്യേക സാമ്പത്തിക മേഖല, ഏക്സപ്രസ് വേകൾ, വിമാനത്താവള വികസനം തുടങ്ങിയ കാര്യങ്ങളിലാണ് സർക്കാറിന്റെ മുഴുവൻ ശ്രദ്ധയും.

നമ്മുടെ രാജ്യത്ത് ഗ്രാമപ്രദേശങ്ങളിലും മറ്റും അടിസ്ഥാന പശ്ചാത്തല സൗകര്യവികസനം ഏറെ അനിവാര്യം തന്നെയാണ്. പക്ഷേ പശ്ചാതല സൗകര്യ വികസനം ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതികളുടെ ഗുണഫലം മുതലാളിത്ത സംരംഭങ്ങൾക്കും ഉന്നതജീവിതനിലവാരമുള്ളവർക്കും നഗരപരിധികളിലെ ഒരുവിഭാഗത്തിനും മാത്രമാണ് ലഭ്യമാകുന്നത്. പതിനൊന്നാം പദ്ധതിപ്രകാരം പശ്ചാത്തലസൗകര്യ വികസനത്തിന് 20,56,150 കോടി രൂപ ചെലവഴിക്കുമ്പോൾ അതിന്റെ അഞ്ചിലൊന്ന് 4,35,349 കോടി തുകയാണ് നേർക്കുനേരെയും അല്ലാതെയും മൊത്തം ഗ്രാമങ്ങൾക്കുവേണ്ടി നീക്കിവെച്ചിരിക്കുന്നത്. മൊത്തം ജനസംഖ്യയുടെ 65 ശതമാനവും ഗ്രാമങ്ങളിൽ ജീവിക്കുമ്പോഴാണിത് എന്നുകൂടി ചേർത്ത് വായിക്കണം.

മുതലാളിത്ത ശക്തികൾക്ക് സഹായകരമാകുന്നതും ദരിദ്ര ജനവിഭാഗങ്ങളോട് പുറം തിരിഞ്ഞ് നിൽക്കുന്നതുമായ നിലവിലെ വികസന മുൻഗണനാക്രമം കേവലം ഭൂമിശാസ്ത്രപരമായി മാത്രം നിർണിതമല്ല. കടം എഴുതിത്തള്ളുന്നതും മറ്റു സഹായധനപ്രഖ്യാപനങ്ങളുമെല്ലാം മുതലാളിത്ത ശക്തികൾക്ക് ഗുണമേകുന്ന വിധമാണ് നമ്മുടെ രാജ്യത്ത് നടന്ന് കൊണ്ടിരിക്കുന്നത്. കഴിഞ്ഞ വർഷം

നമ്മുടെ ധനമന്ത്രി പി. ചിദംബരം കർഷകരുടെ 65,000 കോടി രൂപയുടെ കടം എഴുതിത്തള്ളിയ പ്രഖ്യാപനം വന്നപ്പോൾ മുതലാളിത്ത രാഷ്ട്രങ്ങൾ പ്രതിഷേധക്കൊടിയുമായി രംഗത്ത് വന്നിരുന്നു. എന്നാൽ പുതിയ ബജറ്റിൽ കോർപറേറ്റ് മേഖലയിലെ വൻതോക്കുകൾക്ക് ഇത്തവണ ബജറ്റിൽ പ്രത്യക്ഷ പരോക്ഷ ഇനങ്ങളിലായി 5 ലക്ഷം കോടിരൂപയാണ് ഗവൺമെന്റ് എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. കർഷകരുടെ എഴുതിത്തള്ളിയ കടത്തിന്റെ എട്ടിരട്ടിയിലധികം വരുമിത്. ഇത് നേരത്തെ തുടങ്ങിവെച്ചത് തന്നെയാണ്. 2008–'09ൽ 4,18,095 കോടി രൂപയുടെ നികുതി വൻതോക്കുകളുടേതായി നമ്മുടെ ഗവൺമെന്റ് എഴുതിത്തള്ളിയിരുന്നു. ദരിദ്രർക്ക് നൽകുന്ന ആനുകൂല്യങ്ങളുടെ എത്രയോ ഇരട്ടി ഗുണമാണ് ഓരോ ബജറ്റിലൂടെയും കോർപറേറ്റുകൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

ഏതാണ്ട് പകുതിയോളം വരുന്ന ജനവിഭാഗം ദാരിദ്ര്യരേഖക്ക് താഴെയാണ് നമ്മുടെ രാജ്യത്ത് ജീവിച്ചു പോരുന്നത്. ലോക ജനസംഖ്യയിലെ പകുതിയോളം വരുന്ന ദരിദ്രർ നമ്മുടെ രാജ്യത്തുണ്ട്. രാജ്യത്തെ പകുതിയിലധികം വരുന്ന കുട്ടികൾ പോഷകാഹാരക്കുറവ് അനുഭവിക്കുന്നവരാണ്. എന്നാൽ 2008 മുതൽ ലോകസമ്പന്നരിലെ അഞ്ചും ആറും ഏഴും സ്ഥാനം നമ്മുടെ രാജ്യക്കാർക്കാണുള്ളത്. ലോകസമ്പന്നരുടെ നിലവാരപ്പട്ടികയിൽ ആഗോള തലത്തിൽ നാലാം സ്ഥാനവും ഏഷ്യയിൽ ഒന്നാം സ്ഥാനവും ഇന്ത്യക്കുണ്ട്. ജപ്പാൻ, ചൈന, ഫ്രാൻസ് ഉൾപ്പെടെയുള്ള രാഷ്ട്രങ്ങൾ ഈ കാറ്റഗറിയിൽ നമ്മുടെ പിറകിലാണുള്ളത്. ലോകത്തിലെ ഏറ്റവും ഉയർന്ന പത്ത് സമ്പന്നരിൽ കൂടുതലും (നാലുപേർ) ഇന്ത്യക്കാരാണ്. ഇത് അമേരിക്കയേക്കാളും മുകളിലാണ്.

ഇത്തരം കുത്തക ഭീമന്മാരും അതിസമ്പന്നരും രാഷ്ട്രത്തിന്റെ വലിയൊരു ശതമാനം കൈവശം വെക്കുമ്പോൾ അതിന്റെ ചെറിയ ഭാഗമെങ്കിലും ദരിദ്രജനവിഭാഗത്തിന് ലഭ്യമാക്കുകയാണ് യഥാർഥത്തിൽ ഗവൺമെന്റ് ചെയ്യേണ്ടത്. പക്ഷെ നമ്മുടെ രാജ്യം ഇതിന്റെ വിപരീത ദിശയിലാണുള്ളത്. മുതലാളിത്ത രാഷ്ട്രങ്ങളിൽ പലതും ഇത്തരം വൻശക്തികളിൽ നിന്നും നികുതി പിരിവ് കുറെയൊക്കെ കാര്യക്ഷമമായി നടത്തുമ്പോഴാണിത്. അമേരിക്ക (45%), ബ്രിട്ടൻ (50%), ചൈന (45%) തുടങ്ങിയ രാജ്യങ്ങളെല്ലാം ഇത്തരം ശക്തികളിൽനിന്നും നികുതി വസൂലാക്കുന്നുണ്ട്.

നമ്മുടെ രാജ്യം 30% നികുതി ഇത്തരം കുത്തക സംരംഭകരിൽനിന്നു ഈടാക്കുന്നുണ്ടെങ്കിലും അതിന്റെ വലിയൊരു ശതമാനം നികുതിയിളവ് പ്രഖ്യാപനങ്ങളിലൂടെയും മറ്റും ഒഴിവാക്കിക്കൊടുക്കുന്ന ഏർപ്പാടാണ് വർഷങ്ങളായി തുടർന്ന് പോരുന്നത്. ഒരുവശത്ത്, പാവങ്ങളുടെ സബ്സിഡികൾക്കെതിരെ പോരാട്ടം ഗവൺമെന്റ് തുടർന്ന് കൊണ്ടിരിക്കുമ്പോൾ തന്നെ എയർലൈൻസുകൾക്കും പാപ്പരാകുന്ന കോർപറേറ്റ് കമ്പനികൾക്കും ആനുകൂല്യങ്ങൾ ചൊരിയുകയും ചെയ്യുകയാണ്. മഹാരാഷ്ട്ര സർക്കാർ ഐ.പി.എൽ മാച്ചുകൾക്ക് നിശ്ചയിച്ചിരുന്ന നികുതി എടുത്ത് കളഞ്ഞത് ഈ അടുത്ത സമയത്താണ്. ഇതിനെതിരെ ഒരാളും ശബ്ദമുയർത്തുന്നില്ലെന്ന് മാത്രമല്ല വികസനത്തിന്റെ അടയാളമായി ചിത്രീകരിക്കുകയും ചെയ്യുന്നു.

## വികസന അതിക്രമങ്ങൾ

ഇന്ന് നടപ്പിലാക്കുന്ന വികസന പോളിസിയുടെ ഏറ്റവും ഗുരുതരമായ അനന്തരഫലമാണ് വികസനത്തിന്റെ പേരിലെ അതിക്രമങ്ങൾ. ചുരുക്കം ചില മുതലാളിത്ത ലോബികൾക്കും ഉന്നത സ്ഥാനീയക്കും സൗകര്യമൊരുക്കുന്നതിന്റെ തിക്തഫലം പലവിധേനയും അനുഭവിക്കേണ്ടിവരുന്നത് ഭൂരിപക്ഷം വരുന്ന സാധാരണക്കാരാണ്. വ്യാവസായിക സംരംഭങ്ങളും വികസന പ്രക്രിയകളും നടപ്പിലാക്കപ്പെടുമ്പോൾ ഗ്രാമങ്ങൾ തന്നെ ഇല്ലാതാകുന്നു. കാടുകൾ വെട്ടിനിരത്തപ്പെടുകയും ജനങ്ങൾ കുടിയൊഴിപ്പിക്കപ്പെടുകയും ചെയ്യുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ 6 കോടിയിലധികം ജനങ്ങൾ വികസനത്തിന്റെ പേരിൽ കുടിയൊഴിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന് കണക്കുകൾ പറയുന്നു. വിഭജനാനന്തരമുണ്ടായ ഇന്ത്യാ–പാക് പലായനം നടത്തിയവരുടെ മൊത്തം സംഖ്യയേക്കാൾ (ഒന്നര കോടി) അധികമാണിത്. ഇങ്ങനെ കുടിയൊഴിപ്പിക്കപ്പെട്ടവരിൽ 20 % ന് പോലും മാന്യമായ പുനരധിവാസം ഇന്നേവരെ ലഭ്യമായിട്ടില്ലെന്നതാണ് സത്യം.

കുടിയൊഴിപ്പിക്കപ്പെട്ടവരിൽ 40% ആദിവാസികളും 20% ദലിതരുമാണ്. അവർ അവരുടെ ചുറ്റുപാടുകളിൽനിന്നും ഒഴിപ്പിക്കപ്പെടുന്നതോടെ ജീവിതത്തിന്റെ സമസ്ത മേഖലകളിൽനിന്നും അന്യവൽക്കരിക്കപ്പെടുകയാണ്. കാരണം ഇത്തരക്കാരുടെ ജീവിതം അവർ ജീവിക്കുന്ന ചുറ്റുപാടുകളുമായി കെട്ട് പിണഞ്ഞ് കിടക്കുകയാണ്. തലമുറകളായി താമസിക്കുന്നവരായിരിക്കും അവർ. ആദി

വാസികളുടെ ഇടം കാടുകളാണ്. അവരുടെ ജീവിതമാർഗം വനങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നു. അവിടെനിന്നു അവർ കുടിയിറക്കപ്പെടുന്നതോടെ അവരുടെ ജീവിതം തന്നെ വഴിയാധാരമായി മാറുന്നു. അവശേഷിക്കുന്ന ജീവിതം അങ്ങേയറ്റം കൈപേറിയതും ദുരിതപൂർണവുമായി മാറുകയാണ് ചെയ്യുക. ഒന്നിലധികം തവണ കുടിയൊഴിപ്പിക്കപ്പെടുന്ന അവസ്ഥയും രാജ്യത്ത് വിരളമല്ല.

കുടിയൊഴിപ്പിക്കപ്പെടുന്നവർക്ക് മാന്യമായ പുനരധിവാസം ലഭ്യമാകാതെ പോകുന്നതാണ് നമ്മുടെ പതിവ്. ലഭ്യമായാൽ തന്നെയും നഷ്ടപ്പെട്ട ഭൂമിക്ക് പകരം നൽകുന്ന ഭൂമിയോ വിലയോ ഒരിക്കലും നിലവിലെ മാർക്കറ്റ് വിലയുടെ അയലത്ത് പോലും എത്തുന്നതാകാറില്ല എന്നതും യാഥാർഥ്യമാണ്. നമ്മുടെ രാജ്യത്ത് എവിടെയും ഭൂമിയുടെ യഥാർഥവില രേഖകളിൽ രേഖപ്പെടുത്താറില്ലാത്ത സാഹചര്യത്തിൽ സർക്കാർ രേഖകളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്ന പൊന്നും വില യഥാർഥ വിലയുടെ മൂന്നിലൊന്ന് പോലും തികയാറില്ലെന്നതാണ് നേര്. വികസനത്തിന്റെ ഇരകളാക്കപ്പെടുന്ന പാവങ്ങളുടെ രോദനം കേൾക്കാൻ ഭരണകൂട അധികൃതർക്ക് സാധിക്കാതെ പോകുന്ന നിലവിലെ സാഹചര്യം, മുതലാളിത്തം നിയന്ത്രിക്കുന്ന ഭരണക്രമത്തിൽ ഇനിയും വർധിക്കുകയേ ചെയ്യൂ. ■

(ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര ശൂറാംഗമാണ് ലേഖകൻ)

**വിവ. അബ്ദുൽഹകീം നദ്‌വി**